## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**സ്വർണ്ണ ജയന്തി സ്വറോസ്ഗാർ (എസ്.ജി.എസ്.വൈ)പദ്ധതി**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5855

08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സ്വർണ്ണ ജയന്തി സ്വറോസ്ഗാർ (എസ്.ജി.എസ്.വൈ) പദ്ധതി നിലവിലുണ്ടോ; | (എ) | ഇല്ല. |
| (ബി) | പുരുഷ സ്വയംസഹായ സംഘങ്ങളെ സ്വയംതൊഴിൽ സംരംഭം തുടങ്ങാൻ സഹായിക്കുന്നതിന് എസ്.ജി.എസ്.വൈ.ക്ക് പകരമായി പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | പുതുതായി ആരംഭിച്ച എൻ.ആർ.എൽ.എം പദ്ധതിയിൽ പുരുഷ സ്വയംസഹായ സംഘങ്ങൾക്ക് കൂടി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുമോ ; | (സി) | എൻ.ആർ.എൽ.എം. പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക വിവേചനം ഇല്ല. ആയതിനാൽ പുരുഷ സ്വയം സഹായ സംഘങ്ങൾക്കും എൻ.ആർ.എൽ.എം. പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. |
| (ഡി) | 2010-2011 സാമ്പത്തിക വർഷത്തിൽ എസ്.ജി.എസ്.പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സബ്സിഡിക്കായി അപേക്ഷ നൽകിയ സ്വയംസഹായ സംഘങ്ങൾക്ക് കാസർകോട് ജില്ലയിൽ ഇനിയും സബ്സിഡി നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സബ്സിഡി ലഭിക്കുമെന്ന് പ്രതീക്ഷിച്ച് സംരംഭങ്ങൾ ആരംഭിച്ച് കടക്കെണിയിലായ സംഘങ്ങൾക്ക് സബ്സിഡി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ